

THURSDAY 30/10/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 30/10/2025

1. 2022-23 നബാർഡ്, ആർഐഡിഎഫ്, ട്രാഞ്ചേ 27 ഫണ്ട് 2.13705 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിച്ച പുത്തിഗെ ഗ്രാമപഞ്ചായത്ത് സ്മാർട്ട് കൃഷി ഭവൻന്റെ ഉദ്ഘാടനം 2025 **ഒക്ടോബർ** 30 രാവിലെ 11.00 മണിക്ക് മഞ്ചേശ്വരം എം.എൽ.എ എ.കെ.എം. അഷറഫിന്റെ അദ്ധ്യക്ഷതയിൽ കാസറഗോഡ് എം.പി. രാജ്മോഹൻ ഉണ്ണിത്താൻ ന്റെ സാന്നിദ്ധ്യത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി പി. പ്രസാദ് നിർവ്വഹിക്കുന്നു.

2. കാർഷിക യന്ത്രോപകരണങ്ങൾ, മാലിന്യ സംസ്കരണ ഉപാധികൾ, ഭക്ഷ്യോത്പന്നങ്ങൾ, കറി പൗഡറുകൾ എന്നിവയുടെ നിർമ്മാണ - വിതരണ രംഗത്ത് കേരളത്തിനകത്തും പുറത്തും, പ്രശസ്തിയും, വിശ്വാസ്യതയും നേടിയ സഹകരണ സ്ഥാപനമായ റെയ്ഡ്കോയുടെ കീഴിൽ നഴ്സറി തൈകൾ, അത്യുല്പാദന ശേഷിയുള്ള ഫലവൃക്ഷ തൈകൾ, വിത്ത്, ബയോഫെർട്ടിലൈസർ, പ്രകൃതി സൗഹൃദ കീടനാശിനികൾ, കാർഷികോപകരണങ്ങൾ തുടങ്ങിയ കർഷകർക്ക് ആവശ്യമായ എല്ലാ ഉപാധികളും ഒരു കുടക്കീഴിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ലഭ്യമാക്കുന്നതിനുള്ള ഒരു സംരംഭം കണ്ണൂർ കണ്ണോത്തുംചാലിൽ ഇന്ന് (30-10-2025 ന്) വൈകുന്നേരം 4 മണിക്ക് കേരള രജിസ്ട്രേഷൻ, പുരാവസ്തു വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയുടെ അധ്യക്ഷതയിൽ കേരള കൃഷി വകുപ്പ് മന്ത്രി പി.പ്രസാദ് ഉദ്ഘാടനം ചെയ്യുന്നു. ഇതോടൊപ്പം റെയ്ഡ്കോ ബ്രാൻഡിൽ പുതുതായി മാർക്കറ്റിൽ ഇറക്കുന്ന ഉത്പന്നങ്ങളായ ബയോ ഫെർട്ടിലൈസർ, പമ്പ്സെറ്റ്, മട്ട അരി, തിന-ഗോതമ്പ്-റാഗി- ബ്ലാക്ക് റൈസ് എന്നിവയുടെ ഫ്ളെയ്ക്ക് ലോഞ്ചിങ്ങ്, കാർഷിക യന്ത്രോപകരണങ്ങളുടെ ഷോറൂം കം സർവ്വീസ് സെൻ്റർ ഉദ്ഘാടനം, കുടുംബശ്രീ ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റുകൾക്ക് ആവശ്യമായ അസംസ്കൃത സാധനങ്ങളുടെ സംസ്ഥാനതല വിതരണോദ്ഘാടനം എന്നിവയും ഇതോടനുബന്ധിച്ച് നിർവ്വഹിക്കുന്നു.

3. സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ പാറശ്ശാല പന്നി വളർത്തൽ കേന്ദ്രത്തിൻ്റെ പുനർ നിർമ്മാണ പ്രവർത്തനത്തിന്റെ ശിലാസ്ഥാപനം മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി 2025 ഒക്ടോബർ 31 ന് നിർവ്വഹിക്കുന്നതാണ്. പാറശ്ശാല

എം.എൽ.എ ഹരീന്ദ്രൻ സി കെ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അഡ്വ. ഡി സുരേഷ് കുമാർ, മറ്റു ജനപ്രതിനിധികൾ, മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുക്കുന്നതാണ്. മൃഗസംരക്ഷണ കർഷകർക്കായി അന്നേ ദിവസം രാവിലെ 10 ന് പന്നിപ്പനി, ആഫ്രിക്കൻ പന്നിപ്പനി, എന്നീ വിഷയങ്ങളെ കുറിച്ച് വിദഗ്ധരുടെ ക്ലാസ്സുകൾ പാറശ്ശാല പുത്തൻകട EMS ഹാളിൽ വെച്ച് ഉണ്ടായിരിക്കുന്നതാണ്.

4. കേരള സർക്കാരിന്റെ മൃഗങ്ങൾക്ക് മാത്രമായുള്ള കേരളത്തിലെ പ്രഥമ സൂപ്പർ സ്പെഷ്യലിറ്റി ആശുപത്രി ആയ മൾട്ടി സ്പെഷ്യലിറ്റി വെറ്റിനറി ഹോസ്പിറ്റൽ, **കുടപ്പനക്കുന്ന്** പുറത്തിറക്കുന്ന **ഡിജിറ്റൽ മാഗസിൻ വെറ്റ് ക്വസ്റ്റ് ൻറെ** ആദ്യ പതിപ്പിന്റെ പ്രകാശനം / 2025 നവംബർ 1 ന് നിയമസഭ ചേമ്പറിൽ വച്ച് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കുന്നു. ചടങ്ങിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ. എം.സി. റെജിൽ ഐഎഎസ്, മറ്റ് വകുപ്പ് ഉദ്യോഗസ്ഥരും പങ്കെടുക്കുന്നു. മൾട്ടി സ്പെഷ്യലിറ്റി വെറ്ററിനറി ഹോസ്പിറ്റലിൽ എത്തുന്ന വൈവിധ്യമാർന്ന കേസുകൾ,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നൂതന രോഗനിർണയ/ ചികിത്സാ രീതികളിലൂടെ ഫലപ്രദമായി കൈകാര്യം ചെയ്യും വിധം വെറ്ററിനറി ഡോക്ടർമാർക്കും വെറ്ററിനറി വിദ്യാർഥികൾക്കും ഉപകാരപ്പെടുന്ന രീതിയിൽ ഒരു ഓൺലൈൻ മാധ്യമത്തിലൂടെ പ്രസിദ്ധീകരിക്കുക എന്ന ലക്ഷ്യമാണ് മൃഗസംരക്ഷണ വകുപ്പിന്റെ ഈ ഉദ്യമത്തിന് പിന്നിൽ. സമ്പൂർണ പ്രൊഫഷണൽ ഉള്ളടക്കത്തോടുകൂടിയ ത്രൈമാസ പ്രസിദ്ധീകരണമായ വെറ്റ് ക്വസ്റ്റ് ൻറെ ലിങ്ക് മൃഗസംരക്ഷണ വകുപ്പിന്റെയും ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്ററിന്റെയും വെബ് സൈറ്റുകളിൽ ലഭ്യമാക്കുന്നതാണ്.

## പരിശീലന പരിപാടി

5. ക്ഷീരവികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 നവംബർ 17 മുതൽ 27 വരെ "**ക്ഷീരോൽപ്പന്ന നിർമ്മാണ പരിശീലനം**" എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 135/- രൂപ. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 നവംബർ 15-ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911. മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടംപാലസ്, പട്ടം.പി.ഒ., തിരുവനന്തപുരം 695004. ഇമെയിൽ principaldtctvm@gmail.com

6. വെള്ളായണി കാർഷിക കോളേജിലെ ആഭിമുഖ്യത്തിൽ ഒക്ടോബർ 30, വ്യാഴാഴ്ച നടത്തുന്ന **"ന്യൂട്രി-ധാന്യങ്ങളുടെ സംസ്കരണവും മൂല്യവർദ്ധനവും"** എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടിയിലേക്ക് അപേക്ഷകരെ ക്ഷണിക്കുന്നു. താല്പര്യമുള്ളവർ 8891540778 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ₹500/- രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക.

7. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ക്ഷീരസംരംഭകത്വ വികസന കേന്ദ്രത്തിൽ ക്ഷീരകർഷകർക്കായി **"സുരക്ഷിതമായ പാലുൽപ്പാദനം"**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എന്ന വിഷയത്തെ ആസ്പദമാക്കി 31.10.2025 മുതൽ 01.11.2025 വരെ രണ്ട് ദിവസത്തെ കർഷക പരിശീലനം നടത്തുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്ക് 9447305100, 9496332048, 04734299869, 8304948553 എന്നീ നമ്പറുകളിൽ വിളിക്കുകയോ വാട്ട്സ്അപ്പ് സന്ദേശം വഴിയോ പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

**8. കാർഷിക നിർദേശം**

ഇഞ്ചിയിൽ തണ്ടു തുരപ്പന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇതിനു പ്രതിവിധിയായി ബ്യൂവേറിയ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. ജാതിക്ക് കൊമ്പുണക്കം, ഇലകൊഴിച്ചിൽ, നാര് രോഗം എന്നിവ വ്യാപകമായി കണ്ടു വരുന്നു. ചെമ്പ് അടങ്ങിയ കുമിൾനാശിനികളായ ബോർഡോമിശ്രിതം 1 ശതമാനം വീര്യത്തിൽ അല്ലെങ്കിൽ കോപ്പർ ഓക്സിക്ലോറൈഡ് 2.5 ഗ്രാം 1 ലിറ്ററിന് എന്ന കണക്കിലോ തളിച്ച് ഈ രോഗങ്ങളെ നിയന്ത്രിക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം